MR. M. GOVINDAN (*Trivandrum III—General*) : മിസ് സാമുവൽ ക്യാബിനറ്റിൽ അപ്പീൽ ബോധിപ്പിച്ചു വാദിച്ചപ്പോൾ കാര്യക്ഷമതക്കുറവിനെപ്പറ്റി ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി എന്തെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ ?

HON'BLE MR. E. K. MADHAVAN : അപ്പീൽ ബോധിപ്പിച്ചു വാദിച്ചതായി അറിവില്ല. ബഹുമാനപ്പെട്ട മെമ്പറുടെ പ്രേരണയിൽ ഉൾപ്പെട്ട ഒരു ഡെപ്യൂട്ടേഷൻ ഗവണ്മെൻറിനെ സന്ദർശിച്ചിട്ടുള്ളതായി അറിയാം. സാധാരണ ഉദ്യോഗകാര്യങ്ങളിൽ ഡെപ്യൂട്ടേഷൻ വരുന്നതു ഗവണ്മെൻറിനെ coerce ചെയ്യുന്ന ഒന്നായിട്ടാണ് ഗവണ്മെൻറു കരുതുന്നതു്. ആ ഡെപ്യൂട്ടേഷനിലെ അംഗങ്ങൾ മിസ് സാമുവലിൻറെ ചില ബന്ധുക്കളും മി. എം. ഗോവിന്ദനുമായിരുന്നു എന്നുള്ളതും പ്രസ്താവ്യമാണ്.

MR. G. RAMACHANDRAN: On what particular enquiry or for what reasons did that Government come to the conclusion that Miss Samuel was unfit to hold that post.

HON'BLE MR. E. K. MADHAVAN : അതിനുള്ള ഉത്തരം ഞാൻ പല പ്രാവശ്യം പറഞ്ഞുകഴിഞ്ഞു.

MR. P. T. CHACKO : മിസ് സാമുവലിനെ സർജൻ ജനറലായി നിയമിച്ചകാലത്തു മെഡിക്കൽമന്ത്രി ആരായിരുന്നു എന്നു പറയാമോ ?

HON'BLE MR. E. K. MADHAVAN : മി. സി. കേശവനായിരുന്നു.

MR. P. T. CHACKO : അന്നത്തെ മന്ത്രിയോ അതിൽ പിന്നീടു വന്ന മന്ത്രിയോ മിസ്. സാമുവലിനെ സർജൻജനറലായി സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ഇല്ല.

MR. P. T. CHACKO : അതിനവസരം ഉണ്ടായിരുന്നില്ലേ?

HON'BLE MR. E. K. MADHAVAN : ധാരാളം ഉണ്ടായിരുന്നു.

MR. ABDUL AZIZ : ഈ കാര്യത്തെ സംബന്ധിച്ചുള്ള ചോദ്യോത്തരവേളയിൽ ചില പ്രത്യേക മെമ്പറന്മാർക്കുമാത്രം ആവേശം കൊള്ളുന്നതെന്തുകൊണ്ടാണെന്ന് ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ ? (ചിരി)

MR. K. RAMAKRISHNA PILLAI : ഇതു സംബന്ധിച്ചു രാജ്യം മുഴുവൻ പ്രതിഷേധയോഗങ്ങൾ കൂടണമെന്നു് ഒരു മുൻ മന്ത്രി ആഹ്വാനം ചെയ്തിട്ടുണ്ടെന്നറിയാമോ ?

HON'BLE MR. E. K. MADHAVAN : അങ്ങിനെ ഒരു പത്രപ്രസ്താവന കണ്ടിട്ടുണ്ടു്.

Inspectress-General of Women and Children's Hospital.

526. MR. A. CHIDAMBARANATHA NADAR : Will the Hon'ble Minister for Health be pleased to state:

LIBRARY ARCHIVES Kerala Legislative Assembly

(a) the number of Hospitals for Women and Children in the State;

(b) the reason for having urgently appointed an Inspectress-General; and

(c) the reason for having transferred the Lady from her previous post to the present one?

HON'BLE MR. E. K. MADHAVAN: (a) Two at present. Another one will be opened soon at Oolloor.

(b) To advise Government on the reorganisation and development of the Hospitals for Women and Children in the State and to work out the present scheme of education of Nurses and Midwives as well as to formulate schemes for the efficient working of that branch;

(c) Since she was not found to be fit to be the head of that Department as a whole.

Ex-servicemen in the Perunchani Reserve.

527. MR. A. CHIDAMBARANATHA NADAR: Will the Hon'ble Minister for Labour be pleased to state:

(a) the number of acres of land allotted to the ex-soldiers in the Perunchani Forest for the purpose of cultivation:

(b) the number of acres of land re-taken from the lands allotted to them for the purpose of Perunchani scheme;

(c) whether it was so re-taken after clearing the forest or before;

(d) the number of soldiers who are doing cultivation; and

(e) the kind of cultivation done by them?

HON'BLE MR. N. KUNJURAMAN: (a) 190.78 acres

(b) 60 acres

(c) It is reported that the lands were taken back after clearance by the Co-operative Society.

(d) 38

(e) Tapioca, Plantains and Vegetables

ഫീസ്സ് സൗജന്യം.

528. MR. K. KUTTAPPAN (*Mavelikara III—Thantar Samvaranam*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിൽ ഏതെല്ലാം സമുദായക്കാർക്ക് ഫീസ്സ് സൗജന്യം അനുവദിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഇംഗ്ലീഷ്, മലയാളം, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏതേതു തരത്തിലാണ്, ഫീസ്സ് സൗജന്യം അനുവദിച്ചിട്ടുള്ളതെന്ന് പറയുവാൻ ദയവുണ്ടാകുമോ?

(സി) എന്തു് അടിസ്ഥാനവ്യവസ്ഥയിലാണ് ഫീസ്സ് സൗജന്യം അനുവദിച്ചിട്ടുള്ളതെന്നു പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly